# MERUVAMBAYI M U P SCHOOL

## BASIC SCIENCE

# 1 സസ്യലോകത്തെ അടുത്തറിയാം



**WORKSHEET 1.2**

STD V

18/06/2020

സസ്യങ്ങളുടെ വിവിധ ഭാഗങ്ങളായ വേര്, കാണ്ഡം, ഇല, വിത്ത്, ഫലം, പൂവ് എന്നിവ ആഹാരത്തിനായി ഉപയോഗിക്കുന്നു എന്ന് കഴിഞ്ഞ ക്ലാസിൽ നിങ്ങൾ പഠിച്ചല്ലോ?

ആഹാരത്തിനായി മാത്രമാണോ സസ്യങ്ങളെ ഉപയോഗിക്കുന്നത്??

## പ്രവർത്തനം 1

കഥ വായിക്കൂ... ഉത്തരം എഴുതൂ...



അപ്പു ......... മഴ നനഞ്ഞുകൊണ്ട് പുറത്ത് കളിച്ചു കൊണ്ടിരുന്ന അപ്പു വേഗത്തിൽ അകത്തേക്ക് വന്നു. " അയ്യോ .... ആകെ നനഞ്ഞല്ലോ " എന്ന് പറഞ്ഞുകൊണ്ട് അമ്മ അവനെ തുടച്ചു കൊടുത്തു . വൈകുന്നേരമായപ്പോഴേക്കും പനി വന്ന അവനെയും കൊണ്ട് അമ്മ ഹോസ്പിറ്റലിൽ പോകാനിറങ്ങി. " ഇപ്പോൾ ഹോസ്പിറ്റലിൽ പോകേണ്ട , ഞാനൊരു മരുന്ന് തരാം " എന്ന് പറഞ്ഞ് കൊണ്ട് മുത്തശ്ശി തുളസിയും, ഇഞ്ചിയും ചേർത്ത് ചുക്കുകാപ്പി കൊടുത്തു. രാവിലെ ആയപ്പോഴേക്കും അവന്റെ പനി കുറഞ്ഞു. " ഇതെന്ത് സൂത്രമാണ് മുത്തശ്ശീ ......... " അപ്പു മുത്തശ്ശിയോട് ചോദിച്ചു. മുത്തശ്ശി അപ്പുവിനോട് പനി കുറഞ്ഞതിനുള്ള കാരണം പറഞ്ഞു കൊടുത്തു.

**a)** എന്തു കൊണ്ടായിരിക്കും അപ്പുവിന്റെ പനി കുറഞ്ഞത്? ................

**b)** എന്ത് സൂത്രമാണ് തുളസിയിലും ഇഞ്ചിയിലും ഉള്ളത്? അവയ്ക്ക് എന്ത് സവിശേഷതയാണ് ഉള്ളത്?

...............

**c)** നാം ആഹാരത്തിനല്ലാതെ മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സസ്യങ്ങളുടെ പേരെഴുതുക?

...............
...............
...............
...............
...............

<u>നോട്ട്ബുക്കിൽ കുറിച്ചു വെക്കാൻ</u>

## <u>ഔഷധസസ്യങ്ങൾ</u>

നമ്മുടെ ചുറ്റുപാടുകളിൽ വളരുന്ന ചെറുതും വലുതുമായ സസ്യങ്ങൾ ഏതെങ്കിലും രീതിയിൽ ഔഷധങ്ങൾ നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇത്തരം സസ്യങ്ങളെ പൊതുവേ **ഔഷധസസ്യങ്ങൾ** എന്ന് പറയുന്നു



## പ്രവർത്തനം 2

ചുറ്റുപാട് നിരീക്ഷിച്ച് നിങ്ങൾക്കറിയാവുന്ന 5 ഔഷധസസസ്യങ്ങളുടെ പേരും അവയുടെ ഉപയോഗവും എഴുതുക.

| ഔഷധസസ്യങ്ങൾ | ഉപയോഗങ്ങൾ |
|---|---|
| | |
| | |
| | |
| | |
| | |

## പ്രവർത്തനം 3

**a)**



എല്ലാവർക്കും ബിരിയാണി ഇഷ്ടമാണല്ലോ? ബിരിയാണിയിലെ രുചിക്കൂട്ട് എന്താണെന്ന് നിങ്ങൾക്കറിയാമോ? അമ്മയോട് ചോദിച്ചെഴുതൂ .....

……………………………….

**b)**



**പായസത്തിലെ രുചിക്കൂട്ട് എന്താണെന്ന് പറയാമോ?**

……………………………….

**നോട്ട്ബുക്കിൽ കുറിച്ചു വെക്കാൻ**

## സുഗന്ധവ്യഞ്ജനങ്ങൾ

**ഭക്ഷ്യവസ്തുക്കൾക്ക് സ്വാദും മണവും നിറവും നൽകാനും കേടുപറ്റാതെ നിർത്താനും ഉപയോഗിക്കുന്ന ഉണങ്ങിയ കാർഷിക വിളകൾക്കാണ് സുഗന്ധവ്യഞ്ജനം എന്നു പറയുന്നത്. ചിലപ്പോൾ മറ്റു ചില സ്വാദുകൾ മറയ്ക്കാനും സുഗന്ധവ്യഞ്ജങ്ങൾ ഉപയോഗിക്കാറുണ്ട്**



## പ്രവർത്തനം 4

**നിങ്ങൾക്കറിയാവുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ പേരെഴുതുക.**

........................

........................

........................

........................

........................

## അസൈൻമെന്റ്

**ഔഷധസസ്യങ്ങളുടെ ഒരു ആൽബം തയ്യാറാക്കി വെക്കുക. സ്കൂൾ തുറന്നാൽ ടീച്ചറെ കാണിക്കുക. എല്ലാവരും ചെയ്യുമല്ലോ? ......**

**എല്ലാവരും മുഴുവൻ പ്രവർത്തനങ്ങളും ചെയ്ത് ടീച്ചർക്ക് അയച്ചു തരുമല്ലോ ......**

